©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂൺ 26<br>26th June 2018<br>1193 മിഥുനം 12<br>12th Mithunam 1193<br>1940 ആഷാഢം 5<br>5th Ashadha 1940 | നമ്പർ<br>No. 26 |

## PART III

# Marine Department

ദർഘാസ് പരസ്യം

നമ്പർ ഇഇ/സിഎൽടി/01/2018-19. 2018 മേയ് 26.

കേരള ഗവർണ്ണർക്കുവേണ്ടി താഴെ പറയുന്ന പ്രവൃത്തിക്ക് അംഗീകൃത കരാറുകാർ/വിതരണക്കാർ എന്നിവരിൽ നിന്നും മുദ്രവച്ച കവറുകളിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് നമ്പരും പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും—HED/EE01/2018-19—പുതിയാപ്പ ഹാർബറിലെ വർഷംതോറുമുള്ള കാടുവെട്ടൽ—` 4,98,571.

നിരതദ്രവ്യം—` 12,500.

ദർഘാസ് പ്രമാണത്തിന്റെ വില—` 1,000 + GST.

കരാറുകാരന്റെ ക്ലാസ്സ്—'ഡി'യും അതിന് മുകളിലും.

പ്രവർത്തിയുടെ കാലാവധി—ഒരു വർഷം.

ദർഘാസുകൾ വിൽക്കുന്ന തീയതിയും സമയവും—26-6-2018 മുതൽ 30-6-2018 ഉച്ചയ്ക്ക് ഒരു മണിവരെ.

ദർഘാസ് പ്രമാണങ്ങൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും—30-6-2018 വൈകുന്നേരം 4 മണി.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും—30-6-2018 വൈകുന്നേരം 4.30 മണി.

ദർഘാസുകൾ സംബന്ധിച്ചുള്ള കേരള പൊതുമരാമത്തു വകുപ്പിന്റെയും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെയും എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. കാരണം കൂടാതെ ദർഘാസ് റദ്ദ് ചെയ്യുവാനോ മാറ്റിവെയ്ക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രവൃത്തിയെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം അവധിയായാൽ ദർഘാസുകൾ അടുത്ത പ്രവൃത്തി ദിവസം തന്നെ മേൽപ്പറഞ്ഞ സമയത്ത് സ്വീകരിക്കുന്നതായിരിക്കും.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ,
കോഴിക്കോട്, പുതിയനിരത്ത്,
പി. ഒ. എലത്തൂർ,
കോഴിക്കോട്-673 303,
ഫോൺ 0495-2460340.

എം. എ. മുഹമ്മദ് അൻസാരി,
എക്സിക്യൂട്ടീവ് എഞ്ചിനീയർ.

Gaz. No. 26/2018/DTP (Marine).

ലേല/ദർഘാസ് പരസ്യം

നമ്പർ എ-229/2012/എഇഇ. 2018 ജൂൺ 3.

കേരള ഗവർണ്ണർക്കുവേണ്ടി ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷൻ, മാപ്പിളബേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തിൽനിന്നും ഒരു വർഷത്തേക്ക് ഗേറ്റ് കളക്ഷൻ, വാർഫേജ്, ലാൻഡിംഗ്, ബർത്തിംഗ് എന്നിവ പിരിക്കുന്നതിനുള്ള അവകാശം ഏറ്റെടുത്ത് നടത്തുന്നതിന് പ്രത്യേകം ആലേഖനം ചെയ്ത മുദ്രവച്ച കവറുകളിൽ മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ദർഘാസുകൾക്ക് പുറമേ ലേലവും നടത്തുന്നതാണ്. ദർഘാസിലോ ലേലത്തിലോ ഏതിലാണ് അടങ്കൽ തുകയേക്കാൾ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യപ്പെടുന്നത് ആ തുകയ്ക്ക് പ്രസ്തുത ആളുടെ പേരിൽ ചീഫ് എഞ്ചിനീയറുടെ അംഗീകാരത്തിന് വിധേയമായി അവകാശം ഉറപ്പിക്കുന്നതാണ്. അവകാശം ഉറപ്പിച്ച് കരാർ ഒപ്പിട്ട് ഏറ്റെടുത്ത തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും നടത്തിപ്പിന്റെ കാലാവധി. ദർഘാസിൽ/ലേലത്തിൽ പങ്കെടുക്കുന്നവർ ` 12,570 നിരതദ്രവ്യം ട്രഷറി/പോസ്റ്റ് ഓഫീസ്/അംഗീകൃത ബാങ്കിലോ ഒടുക്കി ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷൻ, മാപ്പിളബേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പിൻവലിക്കാൻ അംഗീകാരം രേഖപ്പെടുത്തി സ്റ്റാമ്പ് ഒപ്പിട്ട രസീതികൾ ദർഘാസിനോടൊപ്പം/ലേലത്തിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. ദർഘാസിൽ പങ്കെടുക്കുന്നവർ ദർഘാസിനോടൊപ്പവും ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിനു മുമ്പായും ` 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക കരാർ ഒപ്പിട്ട് നൽകേണ്ടതാണ്. ഒരേ വ്യക്തി തന്നെ ദർഘാസിലും ലേലത്തിലും പങ്കെടുക്കുന്നുണ്ടെങ്കിൽ രണ്ട് ഫാറം വാങ്ങേണ്ടതും അത് പൂരിപ്പിച്ച് പ്രാഥമിക കരാറും ` 12,570 വീതം നിരതദ്രവ്യം പ്രത്യേകം പ്രത്യേകം രണ്ട് ഫാറത്തോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

ദർഘാസ് പ്രമാണങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാപ്പിളബേയിലുള്ള കാര്യാലയത്തിൽ നിന്നും 2-7-2018 രാവിലെ 10 മണി മുതൽ 5-7-2018 ഉച്ചയ്ക്ക് 12 മണിവരെ പ്രമാണത്തിന്റെ വില രൊക്കമായി ട്രഷറിയിൽ ഒടുക്കി രേഖാമൂലം അപേക്ഷിച്ചാൽ നൽകുന്നതാണ്. ദർഘാസിലും/ലേലത്തിലും പങ്കെടുക്കുന്ന ആൾ പ്രത്യേകം പ്രത്യേകം പ്രമാണങ്ങൾ വാങ്ങേണ്ടതാണ്. സ്ഥലത്തെ വില്ലേജ് ആഫീസർ നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്/തിരിച്ചറിയൽ കാർഡ് ഇവയിലേതെങ്കിലും ഹാജരാക്കിയാൽ മാത്രമേ ഫാറം നൽകുകയുള്ളു. നിശ്ചിത സമയത്തിനുശേഷം സമർപ്പിക്കുന്നതും നിശ്ചിത നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൂടാതെ പൂരിപ്പിച്ച അപേക്ഷാ ഫോറം പ്രത്യേകം കവറുകളിലാക്കി പങ്കെടുക്കുന്ന വ്യക്തികളുടെ പേരും ഫോൺ നമ്പരും കൂടാതെ ദർഘാസോ ലേലമോ ഏതാണെന്ന് കവറിനുപുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. മേൽ അവകാശത്തിനായി പരസ്യലേലം ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 5-7-2018 ഉച്ചയ്ക്കുശേഷം 3 മണിക്ക് മുമ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിരതദ്രവ്യത്തിന്റെ ട്രഷറി/ബാങ്ക് രേഖ ഏൽപ്പിച്ച് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്. പ്രസ്തുത രസീത് നിശ്ചിത സമയത്തിന് മുമ്പ് വാങ്ങാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല. പരസ്യ ലേലത്തിന് ശേഷം ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതാണ്. ഈ ലേല/ദർഘാസ് കേരള സർക്കാരിന്റെ നിലവിലുള്ള എല്ലാ ലേല/ദർഘാസ് നിബന്ധനകൾക്കും ഈ നോട്ടീസ് പ്രകാരം നൽകിയിട്ടുള്ള നിബന്ധനകൾക്കും വിധേയമായിരിക്കും. ലേലത്തിൽ/ദർഘാസിൽ പങ്കെടുക്കുന്നയാൾക്ക് കോൺട്രാക്ട് ലൈസൻസ് ഇല്ലെങ്കിൽ ` 25,000-ന്റെ സോൾവൻസി സർട്ടിഫിക്കറ്റ് പ്രമാണത്തിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.

ലേലത്തിലോ/ദർഘാസിലോ ആരാണോ അടങ്കൽ തുകയേക്കാൾ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്തത് ടിയാന് മേലധികാരികൾ മുഖേന അവകാശം അനുവദിച്ച് നൽകുന്നതും ഈ ആഫീസിൽ നിന്നും അവകാശം അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ചതിനുശേഷം വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതും അങ്ങനെ ചെയ്യുമ്പോൾ അവകാശത്തുകയുടെ 50% തുക ഒടുക്കേണ്ടതും കരാറിന്റെ ഉറപ്പിനുവേണ്ടി അവകാശത്തുകയുടെ 5% തുക സെക്യൂരിറ്റിയായി ഒടുക്കേണ്ടതും ബാക്കി വരുന്ന 50% തുക രണ്ട് തുല്യ ഗഡുക്കളായി ഒടുക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ കരാർ തുകയ്ക്ക് പുറമേ പിരിവ് സംബന്ധമായി സർക്കാർ കെട്ടിടങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ അവയുടെ ലൈസൻസ് ഫീസ്, വൈദ്യുതി ചാർജ്ജ് ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന നിരക്കിൽ ഒടുക്കുവാൻ അവകാശം ലഭിക്കുന്നയാൾ ബാധ്യസ്ഥനായിരിക്കും. കേരള ഇലക്ട്രിസിറ്റി ബോർഡിലേക്ക് മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തിലെ ലേലപ്പുര, യാർഡ് ലൈറ്റ്, ജെട്ടി എന്നിവയിലെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ അവകാശം ലഭിക്കുന്നയാൾ ഒടുക്കേണ്ടതാണ്. ദർഘാസ്/ലേലം എന്നിവയിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ നിലവിലുള്ള സംവിധാനങ്ങളും സൗകര്യങ്ങളും പരിമിതികളും കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. പിന്നീടുള്ള ആക്ഷേപങ്ങളും ഹർജികളും ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. മത്സ്യം ഇറക്കുന്ന സ്ഥലം, ലേല ഹാൾ എന്നിവയും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മാത്രമേ ചുങ്കം പിരിവിനത്തിൽ ഈടാക്കുവാൻ പാടുള്ളു. കൂടാതെ സർക്കാർ വർഷാവർഷം പുറപ്പെടുവിക്കുന്ന ട്രോൾബാൻ കാലയളവ് പരിഗണിച്ചുവേണം തുക വാഗ്ദാനം ചെയ്യേണ്ടത്. ലേലം സംബന്ധിച്ചുള്ള ആക്ഷേപങ്ങളും ഹർജികളും ലേല നടപടി കഴിഞ്ഞ് ഒരാഴ്ചയ്ക്കകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

പ്രവര്‍ത്തിയുടെ പേര്—മാപ്പിളബേ മത്സ്യബന്ധന തുറമുഖത്തില്‍ നിന്നും ഒരു വര്‍ഷത്തേക്ക് ഗേറ്റ് കളക്ഷന്‍, വാര്‍ഫേജ്, ലാന്‍ഡിംഗ്, ബര്‍ത്തിംഗ് എന്നിവ പിരിക്കുന്നതിനുള്ള അവകാശം.

അടങ്കല്‍ തുക—` 4,90,600.

നിരതദ്രവ്യം—` 12,570.

പ്രമാണത്തിന്റെ വില—` 980 + GST.

ദര്‍ഘാസ് സമര്‍പ്പിക്കേണ്ട അവസാന തീയതിയും സമയവും—5-7-2018 ഉച്ചയ്ക്ക് 1 മണി.

ലേല തീയതിയും സമയവും—5-7-2018 ഉച്ചയ്ക്കുശേഷം 3 മണി.

ലേലം നടക്കുന്ന സ്ഥലം— ഹാര്‍ബര്‍ എഞ്ചിനീയറിംഗ് സബ്ഡിവിഷന്‍, മാപ്പിളബേ ആഫീസ് പരിസരം.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,
ഹാര്‍ബര്‍ എഞ്ചിനീയറിംഗ്
സബ് ഡിവിഷന്‍,
മാപ്പിളബേ, കണ്ണൂര്‍-9.

(ഒപ്പ്)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയര്‍.